**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 901** **06-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മനുഷ്യ വിഭവശേഷി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ മനുഷ്യ വിഭവശേഷി ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വിവിധ സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതികൾ പ്രകാരം നൽകുന്ന വായ്പകളുടെ പലിശ നിരക്ക് 4% മുതൽ 9% വരെയാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അവരുടെ അഭിരുചിക്കും മൂലധനാവശ്യത്തിനും അനുസൃതമായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാവുന്ന വിധത്തിൽ ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി, ലഘുവ്യവസായ യോജന, മൾട്ടിപർപ്പസ് യൂണിറ്റ് ലോൺ, സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതി, പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി, പ്രവാസി പുനരധിവാസ വായ്പാ പദ്ധതി തുടങ്ങിയ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട്. |
| (ബി) | നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ അംഗീകൃത മൂലധനം എത്രയാണെന്ന് അറിയിക്കാമോ; | (ബി) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ അംഗീകൃത മൂലധനം നിലവിൽ 300 കോടി രൂപയാണ്. |
| (സി) | കോർപ്പറേഷൻ സ്ഥാപിതമായത് മുതൽ എത്ര കോടി രൂപ ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | കോർപ്പറേഷൻ സ്ഥാപിതമായത് മുതൽ 207265 ഗുണഭോക്താക്കൾക്കായി 1016.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഇടത്തരം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നൽകിയ വായ്പകൾ സംരംഭവും തൊഴിലും സൃഷ്ടിക്കുന്നതിന് പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ഡി) | ഇടത്തരം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നൽകിയ വായ്പകൾ സംരംഭവും തൊഴിലും സൃഷ്ടിക്കുന്നതിന് പ്രയോജനപ്പെട്ടിട്ടുണ്ട് എന്നാണ് പ്രാഥമികമായ വിലയിരുത്തൽ. എന്നാൽ ഇതു സംബന്ധിച്ച് സമഗ്രവും |

| | | | |
|---|---|---|---|
| | | | ശാസ്ത്രീയവുമായ വിലയിരുത്തൽ നടത്തുന്ന ഒരു പഠനം ഫണ്ടിന്റെ അപര്യാപ്തത മൂലം ഇതുവരെ ഉണ്ടായിട്ടില്ല. |
| (ഇ) | വിദേശ സർവ്വകലാശാലകളിലോ സ്ഥാപനങ്ങളിലോ പഠനം നടത്തുന്നതിന് എത്ര വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ടെന്നും എത്ര തുക വായ്പ നൽകിയെന്നും വെളിപ്പെടുത്താമോ; | (ഇ) | വിദേശ സർവ്വകലാശാലകളിലോ സ്ഥാപനങ്ങളിലോ പഠനം നടത്തുന്നതിന് 26 വിദ്യാർത്ഥികൾക്കായി 210.42 ലക്ഷം രൂപയുടെ വായ്പ നൽകാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്. |
| (എഫ്) | സ്ത്രീ ശാക്തീകരണ പദ്ധതി പ്രകാരം എത്ര വനിതാ സംരംഭങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (എഫ്) | സ്ത്രീ ശാക്തീകരണ പദ്ധതികൾ (ഗ്രൂപ്പ് & വ്യക്തിഗതം ) പ്രകാരം 7167 വനിതാ സംരംഭങ്ങൾക്ക് 3386.30 ലക്ഷം രൂപയുടെ വായ്പ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ